# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 1013 20-03-2012- ൽ മറുപടിയ്ക്ക്.

## അക്കാദമിക് സിറ്റി ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എൻ .എ. ഖാദർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* | |
| എ | വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അക്കാദമിക് സിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ | സംസ്ഥാന ഗവൺമെന്റിന്റെ എമേർജിംഗ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ദുബായിലെ നോളജ് സിറ്റി മാതൃകയിൽ ഒരു ഉന്നത വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ദുബായിലെ നോളജ് സിറ്റി അധികൃതരുമായി അനൗപചാരിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| ബി | എങ്കിൽ ആയത് കോഴിക്കോട് സർവ്വകലാശാലാ പരിസരത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി | സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല |
| സി | കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആധുനിക രീതിയിലുള്ള പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുവാൻ സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ് ; ഇക്കാര്യത്തിൽ എത്രയും വേഗം അനുകൂലമായ നടപടികൾ സ്വീകരിക്കുമോ ? | സി | ഉണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 50 കോടി രൂപയുടെ ധനസഹായം ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാരിന്റെ വിഭവലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയൂ |

സെക്ഷൻ ഓഫീസർ